# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 101 **28.05.2019- ൽ മറുപടിയ്ക്ക്**

### ലോക കേരളസഭയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടി

| **ചോദ്യം**<br>ശ്രീ.വി.ഡി.സതീശൻ | | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോക കേരളസഭയുടെ ഒന്നാം സമ്മേളനത്തിലെ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ് വന്ന ആശയങ്ങളും നിർദ്ദേശങ്ങളും എന്തൊക്കെ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ ; | എ) | ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.<br>2. അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.<br>3. പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം - ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നൽകും.<br>4. കേരള വികസന നിധി രൂപീകരണം.<br>5. പ്രവാസി സംരക്ഷണ പദ്ധതി - രോഗ ബാധിതരാകുന്നവർക്ക്, അപകടത്തിൽപെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നൽകാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിന് മാർഗ്ഗ രേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരണം. |

| | | | |
|---|---|---|---|
| | | | 6. സിയാൽ മാതൃകയിൽ നിക്ഷേപ മേഖലകളുടെ രൂപീകരണം.<br>7. വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതനസാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപ സഹകരണത്തിന് പദ്ധതി തയ്യാറാക്കുക.<br>8. അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.<br>9. മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരികകേന്ദ്രങ്ങൾ സ്ഥാപിക്കുക.<br>10. വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.<br>ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ വിശദമായി പഠിക്കുന്നതിന് ഏഴ് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റികൾ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ 48 ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. |
| ബി) | ഇതിൽ ഏതൊക്കെ ആശയങ്ങളും നിർദ്ദേശങ്ങളും ഇതിനകം നടപ്പിൽ വരുത്തിയെന്ന് വ്യക്തമാക്കുമോ ; | ബി),<br>സി),<br>ഡി),<br>ഇ)<br>&<br>എഫ്) | ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട ഒരു ആശയമായിരുന്നു ലോക കേരള സഭ സെക്രട്ടറിയേറ്റ് രൂപീകരണം. ഇത് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലോക കേരള സഭാ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റികൾ 48 ശിപാർശകൾ ലോക കേരള സഭ |
| സി) | ആഗോളതലത്തിൽ മലയാളികളുടെ വ്യാവസായിക വാണിജ്യ സംരംഭ കൂട്ടുകെട്ട് ഉറപ്പാക്കുന്നതിനും പ്രവാസി വ്യവസായ-വാണിജ്യസംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനും ഓരോ വിദേശ മേഖലയിലും പ്രത്യേക വാണിജ്യ ചേമ്പറുകൾക്ക് രൂപം നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ; | | |

| | | | |
|---|---|---|---|
| ഡി) | എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിച്ച് അക്കാദമിക ഗവേഷണ വികസന രംഗത്ത് സഹകരണം ഉറപ്പാക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ ; | | സെക്രട്ടറിയേറ്റിന് സമർപ്പിച്ചിരുന്നു. ഇവയിൽ താഴെക്കാണുന്ന 10 ശിപാർശകൾ ലോക കേരള സഭ സെക്രട്ടറിയേറ്റ് കണ്ടെത്തിയിട്ടുണ്ട്.<br>1. വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിനായുള്ള ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി.<br>2. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി.<br>3. എൻ.ആർ.ഐ. ബാങ്ക്.<br>4. വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി.<br>5. നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.ഐ. സെൽ.<br>6. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് വേണ്ടി എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ pre embankment Orientation centres.<br>7. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിൻമേൽ പഠനം നടത്തുന്നതിന് വേണ്ടി ഹൈപവർ കമ്മിറ്റി.<br>8. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് |
| ഇ) | സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകൾ രൂപീകരിക്കണമെന്ന നിർദ്ദേശം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | | |
| എഫ്) | വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ സമഗ്ര പദ്ധതി ആവിഷ്ക്കരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ? | | |

International Migration Centre.

| | | | |
|---|---|---|---|
| | | | 9. മേഖലാ അടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക.<br>10. പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം.<br>ഈ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**